**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകരുടെ ക്ലസ്റ്റർ കോ ഓർഡിനേറ്ററായുള്ള നിയമനം - ഉത്തരവ് പുറപ്പെടിവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

ജി.ഓ (ആർ.റ്റി) നം.3723/2012/പൊ.വി.വ. തീയതി, തിരുവനന്തപുരം, 03.08.2012.

---

സൂചന:- (1) 05.06.2012-ലെ സ.ഉ. (എം.എസ്) നം. 177/12/പൊ.വി.

(2) ശ്രീ. രാജു പി.കെ. മുതൽപേർ ചേർന്നു സമർപ്പിച്ച 24.07.2012ലെ നിവേദനം

## ഉത്തരവ്

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംരക്ഷണത്തിന് അർഹതയില്ലാതെ തസ്തിക നഷ്ടപ്പെട്ട് റിട്രഞ്ച് ചെയ്യപ്പെട്ട അദ്ധ്യാപകരെ എസ്.എസ്.എ-യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമനം നൽകാൻ നിർദ്ദേശം നൽകിയിരുന്നു.

2) എന്നാൽ ചില സ്ഥലങ്ങളിൽ സംരക്ഷണത്തിന് അർഹതയുള്ള അദ്ധ്യാപകർ അവർ വ്യന്യസിക്കപ്പെട്ട സ്കൂളിൽ തസ്തിക ഇല്ലാത്തതിനാലും മറ്റും പുനർ നിയമനം ലഭിക്കാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പരാമർശം രണ്ടിലെ നിവേദനത്തിലെ താഴെപറയുന്ന അദ്ധ്യാപകർ ഈ വിഭാഗത്തിൽപ്പെട്ടവരാണ്.

| | | |
|---|---|---|
| 1. | രാജു.പി.കെ. | എച്ച്.എസ്.എ.(കണക്ക്)<br>റ്റി.വി.ജെ.എം.എച്ച്.എസ്സ്.<br>പിൺണ്ടിവന, കോതമംഗലം |
| 2. | എബ്രഹാം ജോർജ് | എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)<br>എം.ആർ.എസ്.വി.എച്ച്.എസ്.,<br>മഴുവന്നൂർ, മുവാറ്റുപുഴ. |
| 3. | റ്റി.റ്റി. ലിസ്സി | എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)<br>എൻ.ഐ.വി.എച്ച്.എസ്.എസ്. മാറമ്പിള്ളി,<br>ആലുവ. |
| 4 | ലിസ്സി ജോൺ | എൽ.പി.എസ്.എ.<br>എ.എം.എ.എൽ.പി.എസ്, കൊച്ചങ്ങാടി (Closed down)<br>എറണാകുളം. |
| 5. | രമ.ആർ. | യു.പി.എസ്.എ.<br>ആർ.പി.എം. ഹൈസ്ക്കൂൾ<br>കുമ്പളം, എറണാകുളം. |

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംരക്ഷണത്തിന് അർഹതയുള്ള മേൽ പരാമർശിച്ച അദ്ധ്യാപകർ അവർ ജോലിചെയ്തിരുന്ന സ്കൂളുകളിലും പുനർവ്യന്യസിക്കപ്പെട്ടിരുന്ന സ്കൂളുകളിലും തസ്തിക ഇല്ലാത്തതിനാൽ പുനർ നിയമനം സാധ്യമാകാതെ വന്ന സാഹചര്യത്തിൽ എസ്.എസ്.എയിൽ താൽക്കാലികമായി ക്ലസ്റ്റർ കോർഡിനേറ്റർമാരായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പുനർവ്യന്യാസം തികച്ചും താൽക്കാലികം മാത്രമായിരിക്കുന്നതും ടീച്ചേഴ്സ് ബാങ്കിൽ നിന്നും അധിക തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലോ, ബി.ആർ.സി. ട്രയിനർമാരെ നിയോഗിക്കുന്ന ഒഴിവിലോ അതത് ജില്ലകളിൽ തന്നെ ഇവരെ പുനക്രമീകരിച്ച് നിയമിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു.

4). സംരക്ഷിത അദ്ധ്യാപകർ എന്ന നിലയ്ക്ക്, ഈ അദ്ധ്യാപകർ സൂചന ഒന്ന് പ്രകാരം പുനർവ്യന്യസിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരിൽ നിന്നും വ്യത്യസ്ഥരായതിനാൽ ഇവർക്ക് നിലവിൽ ലഭ്യമായികൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സർവ്വ ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/അക്കൗണ്ട്) തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി.@സ്കൂൾ, തിരുവനന്തപുരം.
പൊതു വിദ്യഭ്യാസ (എ) വകുപ്പ് (ഫയൽ നമ്പർ 63657/എ1/12/പൊ.വി.വ.)
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡി.ഡി.ഇ. മുഖാന്തിരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ